"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1, ശ്രീ. വിശാൽ രാജ്. എ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ. എ. 1740/2025 നമ്പർ കേസിന്റെ 08/12/2025-ലെ കോടതി വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.3089/2025/LSGD തീയതി,തിരുവനന്തപുരം, 29-12-2025

---

പരാമർശം:-

1. സ.ഉ. (പി) നം. 79/2023/തസ്വഭവ, തീയതി 22.03.2023.
2. ശ്രീ. വിശാൽ രാജ്. എ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -1 സമർപ്പിച്ച 21/07/2025-ലെ അപ്പീൽ അപേക്ഷ
3. ഒ. എ. 1740/2025 നമ്പർ കേസിന്റെ 08/12/ 2025-ലെ കോടതി ഉത്തരവ്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 23/12/2025 തീയതിയിലെ LSGD/ PD/32606/2025-LL2/DEC5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമ പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1, ശ്രീ.വിശാൽ രാജ്. ആർ (പെൻ നമ്പർ- 639384) 2025 പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ചുവടെ ചേർക്കും പ്രകാരമുള്ള കാര്യങ്ങൾ ഉന്നയിച്ചിരുന്നു.

കോട്ടയം ജില്ലയിലെ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി ഫൈനൽ ക്യൂലിസ്റ്റിൽ അപ്പീൽ അപേക്ഷകൻ ക്രമനമ്പർ 17 ഉം ശ്രീമതി. ആശാ റാണി. ടി (പെൻ നമ്പർ -800409), ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത്, മലപ്പുറം എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 ക്രമ നമ്പർ 16 ഉം ആണ്. രണ്ട് പേരും 08/01/2025-ന് ആണ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ളതെന്നാൽ (83 ദിവസം ഔട്ട് സ്റ്റേഷൻ ) 14/02/2024-ലെ പ്രൊമോഷൻ ഉത്തരവുപ്രകാരം അപ്പീൽ അപേക്ഷകൻ ക്രമ നമ്പർ 53 ഉം, ശ്രീമതി. ആശാ റാണി ക്രമ നമ്പർ 67 ഉം ആണ്. ശ്രീമതി. ആശാ റാണിയുടെ ഇൻക്യൂമ്പൻസിയിൽ പ്രൊമോഷൻ ഉത്തരവ് ക്രമനമ്പർ 3 എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാൽ ടിയാൾ സീനിയോറിറ്റിയിൽ മുന്നിൽ വരികയും ടിയാൾക്ക് കോട്ടയം ജില്ലയിൽ തിരുവാർപ്പ് പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ലഭിക്കുകയുമാണ് ഉണ്ടായത്. അപ്പീൽ അപേക്ഷകന്റെ 274-ാം ഓപ്ഷൻ തിരുവാർപ്പ് ഗ്രാമപഞ്ചായത്താണ്. ടിയാളുടെ ഇൻകുമ്പൻസിയിൽ തിരുത്തൽ വരുത്താതെയാണ് അന്തിമ ക്യൂ ലിസ്റ്റ് പ്രസിദ്ധികരിച്ചത്. കൂടാതെ കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്ത് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 ആയ ദിവ്യ ദാസൻ-നെ

(പെൻ നമ്പർ 803088 ) പ്രിൻസിപ്പൽ ഡയറക്ടറുടെ 16/05/2025 -ലെ ഉത്തരവു പ്രകാരം കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവായി എങ്കിലും ടിയാൾ നാളിതു വരെയായി വിടുതൽ ചെയ്തിട്ടില്ല. അപ്പീൽ അപേക്ഷകന്റെ 276-ാം നമ്പർ ഓപ്ഷൻ കൊഴുവനാൽ ഗ്രാമപഞ്ചായത്ത് ആയതിനാൽ ക്രമനമ്പർ പ്രകാരം പ്രകാരം സീനിയർ ആയ അപ്പീൽ അപേക്ഷകനെ ഫൈനൽ ക്യു ലിസ്റ്റിലെ തെറ്റ് തിരുത്തി സീനിയോരിറ്റി പുനസ്ഥാപിച്ച് അർഹത ഓപ്ഷനായ കോട്ടയം ജില്ലയിലെ തിരുവാർപ്പ്/കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ ട്രാൻസ്ഫർ അനുവദിച്ച നൽകണം.

ടി അപ്പീൽ അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിച്ചിരുന്നു എങ്കിലും തദ്ദേശസ്വയംഭരണവകുപ്പ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് സാധിച്ചിരുന്നില്ല. അതേസമയം, മേൽ വിഷയവുമായി ബന്ധപ്പെട്ട് ടിയാൻ ഫയൽ ചെയ്ത ഒ.എ.1740/2025 നമ്പർ കേസിന്റെ പരാമർശം (3) വിധിന്യായപ്രകാരം, വിധിന്യായ തീയതി മുതൽ മൂന്നാഴ്ചയ്ക്കകം ടിയാന്റെ അപ്പീൽ അപേക്ഷയിലെ ഓപ്ഷനുകളെ അടിസ്ഥാനമാക്കി സ്ഥലംമാറ്റം നൽകിക്കൊണ്ട് സർക്കാർ ഉത്തരവാകേണ്ടതാണെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

സർക്കാർ മേൽ വിഷയം പരാമർശം (4)-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയുടെ ക്യൂ ലിസ്റ്റിൽ ശ്രീ. വിശാൽ രാജ്. ആർ 17-ാമതായി ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ, സ്ഥാനക്കയറ്റ ഉത്തരവ് പട്ടികയുടെ ക്രമനമ്പർ തെറ്റായി ഇൻകുമ്പെൻസിയിൽ ചേർത്തത് കാരണം മലപ്പുറം ജില്ലയിലെ ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1 ആയിരുന്ന ശ്രീമതി. ആശാ റാണി. ടി കോട്ടയം ജില്ലയുടെ ക്യൂലിസ്റ്റിൽ 16-ാം സ്ഥാനത്തു വരുകയും, തുടർന്ന് ടിയാൾ അപേക്ഷിച്ചിരുന്ന കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകുകയും ചെയ്തത് അപാകത ആയി കണ്ടെത്തിയിട്ടുണ്ട്. ആകയാൽ, ശ്രീമതി.ആശാ റാണി. ടി -യ്ക്ക് (പെൻ നമ്പർ -800409) മലപ്പുറം ജില്ലയിലെ ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്തിൽ ഒഴിഞ്ഞ് കിടക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1 തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയും ടിയാൾ നിലവിൽ സേവനം അനുഷ്ഠിക്കുന്ന കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലേയ്ക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1 ആയ ശ്രീ. വിശാൽ രാജ്. ആർ-ന് (പെൻ നമ്പർ- 639384) സ്ഥലംമാറ്റം നൽകിക്കൊണ്ടും പരാമർശം (3) കോടതി വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1) അഡ്വ. ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
2) ശ്രീ. വിശാൽ രാജ്. എ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -1, രാമന്തളി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല
3) ബന്ധപ്പെട്ട വ്യക്തികൾക്ക്(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

4) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
5) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
6) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 29-12-2025 11:39:25
സെക്ഷൻ ഓഫീസർ